**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2839** **24-02-2026 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടിയിലെ മൈനർ ഇറിഗേഷന്റെ സെക്ഷൻ ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കൊണ്ടോട്ടിയിലെ മൈനർ ഇറിഗേഷന്റെ സെക്ഷൻ ഓഫീസ് വളരെ അസൗകര്യം ഉള്ള വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുകൊണ്ട് അത് മാറ്റി സ്ഥാപിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | കൊണ്ടോട്ടി മൈനർ ഇറിഗേഷൻ സെക്ഷൻ ഓഫീസ് പ്രവർത്തിക്കുന്നതിനായി എടവണ്ണ പാറ റോഡിലെ PWD റോഡ്സ് സെക്ഷൻ കോമ്പൗണ്ടിലെ പഴയ കെട്ടിടം താൽക്കാലികമായി അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഇറിഗേഷൻ വകുപ്പ് ചീഫ് എഞ്ചിനീയർ പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം കാര്യാലയത്തിൽ കത്ത് സമർപ്പിച്ചിരുന്നുവെങ്കിലും മറുപടി ലഭ്യമാകാതെ വന്ന സാഹചര്യത്തിൽ കൊണ്ടോട്ടി മൈനർ ഇറിഗേഷൻ സെക്ഷൻ, ജല അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള കൊണ്ടോട്ടിയിലെ കെട്ടിടത്തിലെ ഒഴിവുള്ള ഭാഗത്തേക്ക് മാറ്റുന്നതിനുള്ള ശിപാർശ ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നു. ആയത് സർക്കാരിന്റെ പരിഗണനയിലാണ്.` |
| (ബി) | പ്രസ്തുത ഓഫീസ് കൊണ്ടോട്ടിയിലെ പി.ഡബ്ല്യു.ഡി. റോഡ് സെക്ഷൻ കോമ്പൗണ്ടിലുള്ള പഴയ കെട്ടിടത്തിലേക്ക് താൽക്കാലികമായി മാറ്റുന്നതിന് അപേക്ഷിച്ചിട്ടുള്ള ശിപാർശയിന്മേലും വാട്ടർ അതോറിറ്റിയുടെ കൊണ്ടോട്ടി ഓഫീസിലെ ഒഴിവുള്ള ഭാഗത്തേക്ക് മാറ്റുന്നതിന് അപേക്ഷിച്ചിട്ടുള്ള ശിപാർശയിന്മേലും ഇതുവരെ സ്വീകരിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (ബി) | കൊണ്ടോട്ടി മൈനർ ഇറിഗേഷൻ സെക്ഷൻ ഓഫീസ് പ്രവർത്തിക്കുന്നതിനായി എടവണ്ണ പാറ റോഡിലെ PWD റോഡ്സ് സെക്ഷൻ കോമ്പൗണ്ടിലെ പഴയ കെട്ടിടം താൽക്കാലികമായി അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഇറിഗേഷൻ വകുപ്പ് ചീഫ് എഞ്ചിനീയർ പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം കാര്യാലയത്തിൽ കത്ത് സമർപ്പിച്ചിരുന്നുവെങ്കിലും മറുപടി ലഭ്യമാകാതെ വന്ന സാഹചര്യത്തിൽ കൊണ്ടോട്ടി മൈനർ ഇറിഗേഷൻ സെക്ഷൻ, ജല അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള കൊണ്ടോട്ടിയിലെ കെട്ടിടത്തിലെ ഒഴിവുള്ള ഭാഗത്തേക്ക് മാറ്റുന്നതിനുള്ള ശിപാർശ ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നു. ആയത് സർക്കാരിന്റെ പരിഗണനയിലാണ്.` |

സെക്ഷൻ ഓഫീസർ